മോട്ടോർ ആക്സിഡൻസ് ക്ലെയിംസ് ട്രൈബ്യൂണലുകൾ

1493. [2244] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ എത്ര ; അവ ഏതെല്ലാം ;

(ബി) പത്തനംതിട്ട ജില്ലയിലെ ആക്സിഡന്റ് കേസുകൾ ഇപ്പോൾ ഏത് ട്രൈബ്യൂണലിലാണ് വിചാരണ നടത്തിക്കൊണ്ടിരിക്കുന്നത് ;

(സി) പ്രസ്തുത ജില്ലയിൽ എത്ര ആക്സിഡന്റ് കേസുകൾ ഇപ്പോൾ വിചാരണയിലുണ്ട് ;

(ഡി) പത്തനംതിട്ട ജില്ലയ്ക്ക് പ്രത്യേകമായി ഒരു ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ അനുവദിക്കണമെന്നു കാണിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) മോട്ടോർ ആക്സിഡന്റുകൾ വളരെ കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പത്തനംതിട്ട ജില്ലയിൽ ഒരു ക്ലെയിംസ് ട്രൈബ്യൂണൽ ആരംഭിക്കുവാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പന്ത്രണ്ട്.
തിരുവനന്തപുരം
കൊല്ലം
ആലപ്പുഴ
കോട്ടയം
എറണാകുളം (2)
തൃശ്ശൂർ
പാലക്കാട്
മഞ്ചേരി
കോഴിക്കോട്
തലശ്ശേരി
കല്പറ്റ

(ബി) കൊല്ലം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിൽ

(സി) 645 എണ്ണം

(ഡി) ഉണ്ട്.

(ഇ,എഫ്) പുതുതായി ആരംഭിക്കേണ്ട കോടതികളുടെ ഒരു മുൻഗണനാലിസ്റ്റ് ഹൈക്കോടതി തന്നിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ പത്തനംതിട്ട മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രയോറിറ്റി അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

കഴക്കൂട്ടം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ വാഹന അപകടങ്ങൾ

1494. [2245] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പാങ്ങപ്പാറ, കാര്യവട്ടം, പോലീസ് സ്റ്റേഷൻ പരിസരം എന്നീ സ്ഥലങ്ങളിൽ ഏറ്റവും കൂടുതൽ വാഹന അപകടങ്ങൾ സംഭവിക്കുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതൊഴിവാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് ;

(ഡി) 1986 ജനുവരി ഒന്നാം തീയതി മുതൽ ഒക്ടോബർ 31-ാം തീയതിവരെ ഈ ഭാഗങ്ങളിൽ വച്ച് എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്നു പറയാമോ ;

(ഇ) ഇവയിൽ എത്രപേർ മരിച്ചിട്ടുണ്ട് ;

(എഫ്) ഈ കാലയളവിലുണ്ടായ അപകടക്കേസുകൾ കഴക്കൂട്ടം പോലീസ് ചാർജ്ചെയ്തിട്ടുള്ളതിൽ ക്രമക്കേടുകളുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ജി) ഈ കാലയളവിലുണ്ടായ വാഹന അപകടക്കേസുകൾ ശരിയായ രീതിയിൽ നടത്തുന്നതിന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് വേണ്ട നിർദ്ദേശം നൽകുമോ ;

(എച്ച്) ക്രമരഹിതമായ ചാർജ് ഷീറ്റുകൾ പരിശോധിച്ച് കുറ്റക്കാരുടെ മേൽ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിന് പോലീസ് പെട്രോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മൂന്ന് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഇ) ആരും മരിച്ചിട്ടില്ല.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ഉദിക്കുന്നില്ല.

കണ്ണമാലി പോലീസ് സ്റ്റേഷന്റെ കെട്ടിടംപണി

1495. [2247] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണമാലി പോലീസ് സ്റ്റേഷൻ തീരെ സൗകര്യമില്ലാത്ത ഒരു ചെറിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് ഒരു പുതിയ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്നത്തേക്ക് അത് പണിയാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) കണ്ണമാലി പോലീസ് സ്റ്റേഷൻ കെട്ടിടംപണി ധനകാര്യ കമ്മീഷന്റെ അവാർഡു പണികളിൽ ഉൾപ്പെടുത്തി 1986-87 വർഷത്തിൽ പണിയാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തിൽത്തന്നെ പണി തീരുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly